(ബി) 2004–2005 സാമ്പത്തികവർഷത്തിലേക്ക് പാസ്സാക്കിയ ബഡ്ജറ്റ് നിർദ്ദേശങ്ങളിലുള്ളതിനു പുറമേ മറ്റെന്തെങ്കിലും പദ്ധതികളോ പരിപാടികളോ 100 ദിവസത്തെ കർമ്മപദ്ധതിയിൽ ഉണ്ടായിരുന്നോ; എങ്കിൽ അവ ഏതെല്ലാമാണ്;

(സി) അവ നടപ്പിലാക്കാനുള്ള തുക എപ്രകാരം കണ്ടെത്തിയിരിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുബന്ധമായി† ചേർത്തിരിക്കുന്നു.

(ബി) ബഡ്ജറ്റിൽ ഉള്ള പദ്ധതികൾ മാത്രമേ നൂറുദിവസത്തെ കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നുള്ളൂ.

(സി) അവ നടപ്പാക്കാനുള്ള തുക ബഡ്ജറ്റു വിഹിതത്തിൽനിന്നും കണ്ടെത്തിയിരുന്നു.

മുഖ്യമന്ത്രിയുടെ ജില്ലാ സന്ദർശന പരിപാടി

5 [7] *ശ്രീ. വി. കെ. ചന്ദ്രൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജില്ലാ സന്ദർശന പരിപാടിയിൽ ഓരോ ജില്ലയിൽ നിന്നും എത്ര പരാതികൾവീതം ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇതിൽ എത്ര പരാതികളിൽ തീർപ്പുണ്ടായിട്ടുണ്ട്;

(സി) പരാതികൾ തീർപ്പുകൽപ്പിക്കുന്നതിന്റെ ഭാഗമായി എത്ര ലക്ഷം രൂപയാണ് ഓരോ ജില്ലയിലും വിതരണം ചെയ്തതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) – (സി) അനുബന്ധമായി‡ ചേർത്തിരിക്കുന്നു.

മുഖ്യമന്ത്രിയുടെ ബഹുദൂരം അതിവേഗം പദ്ധതി

6 [8] *ശ്രീ. എ. എ. അസീസ്*: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ ബഹുദൂരം അതിവേഗം പദ്ധതിപ്രകാരം സംസ്ഥാനത്ത് എത്ര പദ്ധതികൾ പൂർത്തീകരിച്ചു; അവ ഏതെല്ലാം; എത്ര പുതിയ പദ്ധതികൾക്ക് ശിലാഫലകം ഇട്ടു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

വിവരം ശേഖരിച്ചുനൽകുന്നതാണ്.

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
‡അനുബന്ധം – IV.

LIBRARY ARCHIVES Kerala Legislative Assembly